ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലെ വിവിധവകുപ്പുകളിലെ പിന്നോക്ക സമുദായാംഗങ്ങളുടെ ജാതി തിരിച്ചുള്ള തസ്തിക അടിസ്ഥാനത്തിലുള്ള ലിസ്റ്റ് സർക്കാരിന്റെ കൈവശമുണ്ടോ;

(ബി) ഇതല്ലെങ്കിൽ അത്തരത്തിലുള്ള ഒരു ലിസ്റ്റ് സമയബന്ധിതമായി തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സർക്കാർ കൈക്കൊള്ളുമോ;

(സി) എത്ര കാലയളവിനുള്ളിൽ ഇത്തരത്തിലുള്ള ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ സാധിക്കും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) കേരള പിന്നോക്ക വിഭാഗ കമ്മീഷൻ 31-12-96 വരെയുള്ള എല്ലാ ഗവൺമെന്റ്ഡിപ്പാർട്ടുമെന്റുകളിൽ നിന്നും പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും ഉള്ള ലിസ്റ്റ് ശേഖരിച്ച് പ്രോസസ് ചെയതിട്ടുണ്ട്. ഇതിനു പുറമേ സർക്കാർ ഈ വിഷയം വിശദമായി പഠിച്ച് ആറു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജസ്റ്റീസ് നരേന്ദ്രൻ ചെയർമാനായുള്ള മുന്നംഗകമ്മീഷനെ നിയമിച്ചിട്ടുണ്ട്.

243(2351) പട്ടികജാതി/പട്ടികവർഗ്ഗത്തിന്റെ ആനുകൂല്യം നൽകണമെന്ന ആവശ്യം

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 19 ഉപജാതികളെക്കൂടി ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഉത്തരവ് വഴി സംസ്ഥാനത്തെ എത്ര ഉപജാതികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് അറിയിക്കുമോ;

(സി) 1984-ലെ ഉത്തരവ് അനുസരിച്ച് സംസ്ഥാനത്തെ 'തണ്ടാൻ' സമുദായത്തിൽപ്പെട്ട എല്ലാവർക്കും പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ ആനുകൂല്യം ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ആനുകൂല്യം 1987 ലെ ഒരു ഉത്തരവ് വഴി പിൻവലിക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ അത് എപ്രകാരമായിരുന്നുവെന്നും അതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വിശദമാക്കുമോ;

(എഫ്)സംസ്ഥാനത്തെ മുഴുവൻ 'തണ്ടാൻ' സമുദായ അംഗങ്ങൾക്കും പട്ടികജാതി പട്ടികവർഗ്ഗ ആനുകൂല്യം ലഭിക്കുംവിധം നിലവിലുള്ള ഉത്തരവ് ഭേദഗതി ചെയ്യാൻ സർക്കാർ സന്നദ്ധമാകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ദളിത് ക്രൈസ്തവരെ പട്ടികജാതി പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് 1996-ൽ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിരുന്നതിന് സംസ്ഥാന സർക്കാർ മറുപടി നൽകിയിട്ടുണ്ടോ;

(എച്ച്) ദളിത് ക്രൈസ്തവർക്ക് സംവരണം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച സംസ്ഥാന സർക്കാരിന് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) കേരളത്തിലെ യഥാർത്ഥ പട്ടികജാതിയിൽപ്പെടുന്ന തണ്ടാൻ, സമുദായത്തിൽപ്പെട്ടവർക്ക് ആനുകൂല്യം നൽകിവരുന്നു.

(ഡി)&(ഇ) ജാതി സർട്ടിഫിക്കറ്റ് നൽകുമ്പോൾ ഉറപ്പു വരുത്തേണ്ട കാര്യങ്ങളെക്കുറിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. കേരളത്തിലെ തണ്ടാൻ സമുദായക്കാർക്ക് സർട്ടിഫിക്കറ്റ് നൽകുമ്പോൾ അവർ ഈഴവ/തിയ്യ വിഭാഗത്തിൽ ഉൾപ്പെടുന്നില്ലെന്ന് ശരിയായ അന്വേഷണം നടത്തി വ്യക്തമാക്കണമെന്ന് കേന്ദ്രസർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ഈ നിർദ്ദേശം നൽകിയിട്ടുള്ളത്.

(എഫ്) യഥാർത്ഥ പട്ടികജാതിയിൽപ്പെടുന്ന തണ്ടാൻ സമുദായക്കാർക്ക് പട്ടികജാതി ആനുകൂല്യം ഇപ്പോൾ ലഭ്യമാണ്.

(ജി)&(എച്ച്) പട്ടികജാതികളിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവരെ പട്ടികജാതിക്കാരായി പരിഗണിക്കണമെന്ന ആവശ്യത്തിൻമേൽ 1996-ൽ കേന്ദ്ര സർക്കാർ സംസ്ഥാനസർക്കാരുകളുടെ നിലപാട് ആരാഞ്ഞിരുന്നു. ഇക്കാര്യം പഠിച്ച് തീരുമാനമെടുക്കുവാൻ കൂടുതൽ സമയം ആവശ്യപ്പെട്ടിരുന്നു. അന്നത്തെ കേന്ദ്രമന്ത്രിസഭ രാജിവച്ചതിനാൽ പിന്നീട് കേന്ദ്രസർക്കാരിൽ നിന്നും ഇക്കാര്യത്തിൽ നടപടിയൊന്നും ഉണ്ടായിട്ടില്ല. ക്രിസ്തുമതം സ്വീകരിച്ച മുൻ പട്ടികജാതിക്കാരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനെ അനുകൂലിച്ചും എതിർത്തും സർക്കാരിന് ലഭിച്ചിട്ടുള്ള നിവേദനങ്ങൾ കൂടി കണക്കിലെടുത്ത് ഇക്കാര്യം പരിശോധിച്ചുവരുന്നു.

244(2352) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം

ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കിളിമാനൂർ മണ്ഡലത്തിലെ എത്രപേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ധനസഹായം ലഭിച്ചിട്ടുള്ളവരുടെ ലിസ്റ്റും, എത്രതുക ലഭിച്ചു എന്നതിന്റെ സ്റ്റേറ്റ്മെന്റും ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly